**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4332** **06-03-2023 - ൽ മറുപടിയ്ക്ക്**

**പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും നിയമ അവബോധം നൽകുന്നതിനുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിയമ അവബോധവും ഭരണഘടനാ മൂല്യങ്ങളും പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും പകർന്നു നൽകുന്നതിന് നിയമ വകുപ്പ് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ; | (എ) | സംസ്ഥാനത്തു നിയമ അവബോധവും ഭരണഘടന മൂല്യങ്ങളും പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും പകർന്നു നൽകുന്നതിന് നിയമ വകുപ്പിന്റെ ഭരണ നിയന്ത്രണത്തിലുള്ള കേരള സംസ്ഥാന നിയമ സേവന അതോറിറ്റി (കെൽസ) വിവിധ ബോധവൽക്കരണ ക്ലാസുകൾ നടത്തുന്നുണ്ട്.<br><br>• കുടുംബശ്രീ വർക്കേഴ്സ്, ആശ വർക്കേഴ്സ്, MGNREGS തുടങ്ങിയ വിഭാഗത്തിലുള്ളവർക്ക് നിയമബോധന ക്ലാസുകൾ തുടർച്ചയായി ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റികൾ വഴി നടത്തിവരുന്നു .<br>• Azadi ka Amruth Maholsav, Pan India Legal Awareness എന്നീ ക്യാമ്പയിന്റെ ഭാഗമായി സംസ്ഥാനത്തുടനീളം എല്ലാ പഞ്ചായത്തുകളിലും മുൻസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും നിയമ ബോധന പരിപാടികൾ സംഘടിപ്പിച്ചിരുന്നു.<br>• ഭരണഘടനാ സാക്ഷരത ജനകീയമാക്കുന്നതിലേക്കായി ഭരണഘടന തത്ത്വങ്ങൾ ഉൾകൊള്ളിച്ചു കൊണ്ടുള്ള നിയമ സാക്ഷരത പരിപാടികൾ സംസ്ഥാനത്തുടനീളം ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റികളുടെ ആഭിമുഖ്യത്തിൽ നടത്തി വരുന്നുണ്ട്. |
| (ബി) | സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അക്രമങ്ങൾക്കെതിരെയുള്ള അവബോധവും നിയമസഹായവും നൽകുന്നതിന് നിയമ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ വിശദമാക്കാമോ; | (ബി) | **Legal Services Authority Act 1987**-ന്റെ **വകുപ്പ് 12** പ്രകാരം സ്ത്രീകൾക്കും കുട്ടികൾക്കും ലീഗൽ സർവ്വീസസ് അതോറിറ്റി വഴി നിയമ സേവനം സൗജന്യമാണ്.<br><br>• സ്ത്രീകൾക്കും മുതിർന്ന പൗരന്മാർക്കും ആവശ്യമായ നിയമങ്ങളും അവർക്കുള്ള വിവിധ പദ്ധതികളും സംബന്ധിച്ച് അവബോധം നൽകുന്നതിനായി, "സ്ത്രീയും നിയമവും", എന്ന കൈ പുസ്തകം കെൽസ പ്രസിദ്ധീകരിച്ചുവരുന്നുണ്ട്.<br><br>വിക്ടിം റൈറ്റ്സ് സെന്റർ എന്ന പേരിൽ കെൽസയുടെ ആഭിമുഖ്യത്തിൽ ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം POCSO അടക്കമുള്ള വിവിധ കുറ്റകൃത്യങ്ങളിൽ |

| | | | |
|---|---|---|---|
| | | | ഇരയാക്കപ്പെട്ടിട്ടുള്ള സ്ത്രീകളും കുട്ടികളും അടക്കമുള്ള ഇരകളുടെ നിലനിൽപ്പിനും മാനസികമായും ശാരീരികമായുമുള്ള അവരുടെ ആഘാതങ്ങൾക്ക് ചികിത്സ, കൗൺസിലിംഗ്, നിയമ സഹായം, മോട്ടിവേഷൻ ക്ലാസുകൾ തുടങ്ങിയവ നടപ്പിലാക്കി വരുന്നു. ശിക്ഷിക്കപെട്ടു ജയിലിൽ കഴിയുന്ന സ്ത്രീകൾക്ക് വേണ്ട നിയമസഹായങ്ങൾ വിക്ടിം റൈറ്റ്സ് സെന്റർ വഴി നൽകുന്നുണ്ട്. |
| (സി) | വളർന്നുവരുന്ന പുതുതലമുറയിൽ നിയമസാക്ഷരത ഉറപ്പുവരുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | വിദ്യാർത്ഥികളിൽ നിയമാവബോധം വർദ്ധിപ്പിക്കുന്നതിനായി വിവിധ പുസ്തകങ്ങൾ കെൽസ പ്രസിദ്ധീകരിക്കുന്നുണ്ട്.<br>1. നിയമപാഠം - സ്കൂൾ കുട്ടികൾക്ക്<br>2. നിയമപാഠം-കോളേജ് വിദ്യാർത്ഥികൾക്ക്<br>3. Lessons in Law for CBSE Students<br>• ഭരണഘടനയുടെ പ്രസക്ത ഭാഗങ്ങളും ഒരു പൗരൻ അറിഞ്ഞിരിക്കേണ്ട എല്ലാ പ്രധാനപ്പെട്ട നിയമങ്ങളും സ്കൂൾ നിയമപാഠത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br>• നാഷണൽ ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ ഓരോ ജില്ലയിലും തിരഞ്ഞെടുത്ത അഞ്ചു സ്കൂളുകളിൽ Legal Literacy Club കൾ സ്ഥാപിക്കുകയും അതുവഴി വിദ്യാർത്ഥികളിൽ നിയമ അവബോധം സൃഷ്ടിക്കുന്നതിനായി പരിപാടികൾ നടപ്പിലാക്കി വരുന്നു.<br>• നിയമ ഗോത്രം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തു ആദിവാസി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നിയമ വിദ്യാഭ്യാസത്തിന് (LLB) പ്രവേശനം ലഭിക്കുന്നതിനായി എൻട്രൻസ് കോച്ചിങ് ക്ലാസുകൾ നടത്തിവരുന്നുണ്ട്. കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ 15-ൽ അധികം വിദ്യാർത്ഥികൾക്ക് ഈ പദ്ധതി പ്രകാരം ലോ കോളേജിൽ പ്രവേശനം ലഭിച്ചിട്ടുണ്ട് .<br>• വിദ്യാർഥികളിൽനിയമാവബോധംവർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഇംഗ്ലീഷ് ഭാഷയിൽ “Lessons in Law” എന്നും മലയാളഭാഷയിൽ നിയമപാഠം എന്ന പുസ്തകം നിയമസേവന അതോറിറ്റി മുഖേന പ്രസിദ്ധീകരിച്ചു വിതരണം ചെയ്തുവരുന്നു. 2020 മുതൽ തമിഴിലും പ്രസിദ്ധീകരിച്ച് വിതരണം ചെയ്തുവരുന്നു. ഈ പുസ്തകങ്ങളെ അടിസ്ഥാനമാക്കി സ്കൂൾതലത്തിലും താലൂക്ക്തലത്തിലും ജില്ലാതലത്തിലും സംസ്ഥാന തലത്തിലും കെൽസയുടെ ആഭിമുഖ്യത്തിൽ കെൽസ എവർറോളിങ് ട്രോഫിക്ക് വേണ്ടി വർഷം തോറും ക്വിസ് മത്സരം നടത്തിവരുന്നു .<br>• കൗൺസിലിംഗ് ഉൾപ്പടെ വിവിധ പരിപാടികൾ അദ്ധ്യാപകരുടെ മേൽ നോട്ടത്തിൽ ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റികൾ വഴി നടത്തി വരുന്നു.<br>• പുതിയ തലമുറയെ സാക്ഷരരാക്കാനും ബോധവൽക്കരിക്കാനും കോളേജ് വിദ്യാർത്ഥികളെ |

| | | | |
|---|---|---|---|
| | | | ഉൾപ്പെടുത്തിക്കൊണ്ട് സ്ത്രീധനം, സ്ത്രീധന നിരോധന നിയമം, ഗാർഹിക പീഡന നിയമം, Anti Ragging Laws തുടങ്ങിയവയെ കുറിച്ച് കെൽസ ബോധവൽക്കരണ ക്ലാസുകൾ നടത്തി വരുന്നുണ്ട്. ഭരണഘടനാ സാക്ഷരത ജനകീയമാക്കുന്നതിലേക്കായി ഭരണഘടന തത്ത്വങ്ങൾ ഉൾകൊള്ളിച്ചു കൊണ്ടുള്ള നിയമ സാക്ഷരത പരിപാടികൾ സംസ്ഥാനത്തുടനീളം ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റികളുടെ ആഭിമുഖ്യത്തിൽ നടത്തി വരുന്നു . ആയതിനായി എന്റെ രാജ്യം എന്റെ സ്വർഗ്ഗം (MY Nation My Heaven) എന്നീ പുസ്തകങ്ങൾ അച്ചടിച്ച് വിതരണം ചെയ്തിട്ടുണ്ട്. |
| (ഡി) | നിയമ പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് നിയമ വകുപ്പ് പ്രത്യേകമായി സ്കോളർഷിപ്പ് പോലുള്ള പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ? | (ഡി) | ഇല്ല |

സെക്ഷൻ ഓഫീസർ